അതറെ
പ്രൊഡക്ഷൻസിന്റെ

# ബോബനും മോളിയും



സംവിധാനം
ശശികുമാർ

നിർമ്മാണം
രവിഎബ്രഹാം

CARMAL
RELEASE

## നടീനടന്മാർ

മധു, അടൂർഭാസി, ബഹദൂർ, ശങ്കരാടി, മണവാളൻ എസ്, പി. പിള്ള, കടുവാക്കുളം, മുതുകുളം, വാണക്കുററി, സദൻ, കോയ, ചാവക്കാട്ട്, വിജയശ്രീ, കവിയൂർപൊന്നമ്മ അടൂർപങ്കജം, അടൂർഭവാനി, മീന, മാസ്ററർ ശേഖർ (ബോബൻ) ബേബി രജനി (മോളി) etc

സംഭാഷണം
എസ്. എൽ. പുരം

ഗാനങ്ങൾ
വയലാർ

സംഗീതം
ജോസഫ് കൃഷ്ണ (ഗോവാ)

നൃത്തം
പാർത്ഥസാരഥി മൂർത്തി

ഛായാഗ്രഹണം
പി. ബി. മണി

ചിത്രസംയോജനം
ശങ്കുണ്ണി

ശബ്ദലേഖനം
കണ്ണൻ, ജൂഡ്ഗ, (രേവതി) രാമചന്ദ്രൻ ശാമള

വേഷസംവിധാനം
ദേവസ്യാ M.O

വസ്ത്രാലങ്കാരം
കുമാർ

കല
R. B. S. മണി

നിശ്ചലഛായാഗ്രഹണം
അഴകപ്പൻ

പബ്ലിസിററി
S. A. നായർ

പാടിയവർ
യേശുദാസ്, ജയചന്ദ്രൻ, സദൻ, സുശീല, L. R. ഈശ്വരി, വസന്ത, രേണുക.

സഹായികൾ

സംവിധാനം
വിശ്വംഭരൻ

ഛായാഗ്രഹണം
ബാലൻ

ചിത്രസംയോജനം
മാധവൻ, സുകുമാരൻ, പുത്രൻ

വേഷസംവിധാനം
രവി

വസ്ത്രാലങ്കാരം
കാസിം

പ്രൊഡക്ഷൻ
ഗോപാൽ, P.C. പിള്ള അശോകൻ

സ്ററഡിയോ
ശ്യാമള

പ്രൊസസിംഗ്
ബാൽ, ജി. ഷിൻഡേ & ഈശ്വർസിംഗ്

പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്
E. K. ത്യാഗരാജൻ

നിർമ്മാണം
രവി എബ്രഹാം

സംവിധാനം
ശശികുമാർ

വിതരണം Carmel Pictures

---

ആറെ പ്രൊഡക്ഷൻസിൻെറ

അടുത്തചിത്രം

ഇസ്പേഡ് ഗുലാൻ

# കഥാസാരം

മലയാള മനോരമ ആഴ്ചപ്പതിപ്പിലൂടെ നിങ്ങളുടെ ഓർമ്മയിൽ മായാത്ത ചിത്രങ്ങൾ രചിച്ചിട്ടുള്ളവരാണ് ബോബനും, മോളിയും, മുട്ടയും, ഉപ്പായിച്ചേട്ടനും, കിട്ടുപിള്ളയും, മീൻകാരൻ മമ്മതും, വക്കീൽസാറമെല്ലാം. നിങ്ങളെ ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും ചെയ്തുകൊണ്ടു് മനസ്സിന്റെ മണിയറയിൽ ജീവിക്കുന്ന ചിരജീവികളാണവർ. അവരുടെ ജീവിതത്തിൽനിന്നും മെനഞ്ഞെടുത്ത ഒരു കഥ.

പൊട്ടിച്ചിരികളുടെ മാലപ്പടക്കങ്ങൾ പൊട്ടിച്ചുകൊണ്ടു് ജയിത്രയാത്ര നടത്തുന്ന ഇതിലെ കഥാപാത്രങ്ങൾ കാഥാന്ത്യത്തിൽ നിങ്ങളെ കരയിച്ചെന്നു വരാം. സുഖവും ദുഃഖവും നിറഞ്ഞ നിത്യജീവിതത്തിന്റെ കഥയാണവർ പറയുന്നതു്. അതിൽ പുഞ്ചിരിയോടൊപ്പം കണ്ണീരുണ്ടെന്നതും ഒരു സത്യമാണ്"

സ്ഥലത്തെ നമ്പർവൺ പൗരൻ ചോത്തൻ വക്കീലിന്റെയും ഭാര്യമേരിക്കുട്ടിയുടെയും ദാമ്പത്യ വല്ലരിയിൽ വിരിഞ്ഞ രണ്ടു് 'കാന്താരികളാണ് ബോബനും മോളിയും. പഞ്ചായത്തു് എൽ. പി. സ്കൂളിൽ നിന്നും വിദ്യാഭ്യാസം കോരിക്കുടിച്ചു വളരുന്ന ആ കുസൃതിക്കുടുക്കകൾക്കു് ഒരു സംഘമുണ്ടു് – മുട്ട, സുകു, ലീല തുടങ്ങിയ ഛോട്ടാ പൗരന്മാർ ഉൾക്കൊള്ളുന്ന ഒരുകുസൃതികമ്പനി. സ്ഥലം പഞ്ചായത്തു് പ്രസിഡന്റ ഉപ്പായിച്ചേട്ടനാണ് അവരുടെ അനിഷേധ്യ നേതാവു്. ഗ്രാമത്തിലെ ഏതു് ചരിത്രത്തിന്റേയും പിന്നിൽ ആ കൂട്ടകമ്പനിയുടെ കൈകൾ കാണും, പ്രത്യേകിച്ചു് നന്മകൾക്കു്

ഒരു ദിവസം കിട്ടുപിള്ളയുടെ തൊഴുത്തിൽ കയറിയ ചാവാലിപ്പട്ടിയെ കിട്ടുപിള്ളയുടെ ഭാര്യ കുട്ടിയമ്മ പേപ്പട്ടിയെന്നു് തെറ്റിദ്ധരിച്ചു് ബഹളം കൂട്ടി. ബഹളം കേട്ട ആ പട്ടിയെ വിരട്ടാൻ ഉപ്പായിച്ചേട്ടന്റെ നേതൃത്വത്തിൽ വടിതടികളുമായി മുൻകയ്യെടുത്തതു ആ കുസൃതി കമ്പനിയായിരുന്നു. പട്ടി പ്രാണനും കൊണ്ടു് കടന്നെങ്കിലും കിട്ടുപിള്ളയുടെ പിഴപ്പു് മുട്ടിപ്പോയി. കാരണം പേപ്പട്ടികടിച്ച പശുവിന്റെ പാൽ ആരും വാങ്ങരുതെന്നു് പഞ്ചായത്തു് പ്രസിഡന്റ് പ്രഖ്യാപനം ചെയ്തു. ആ കഷ്ടകാലം പിടിച്ച പശുവിനെ തലയിൽ നിന്നും ഒഴിവാക്കാൻ കിട്ടുപിള്ളയും ഭാര്യ കുട്ടിയമ്മയും പരക്കം പാച്ചിൽ തുടങ്ങി.

കുസൃതിക്കമ്പനിയിലെ പുതിയ അംഗമാണ് സുകു, വിധവയായ ശാന്തമ്മ ടീച്ചറിന്റെ മകനാണവൻ. വൈക്കത്തു നിന്നും സ്ഥലം മാറി വന്ന സംഗീതഅദ്ധ്യാപിക നളിനി ശാന്തമ്മയുടെ വീട്ടിലാണ് താമസിച്ചിരുന്നതു്. ട്രാൻസ്പോർട്ടു കണ്ടക്ടറും തൊഴിലാളി നേതാവുമായ ബാലൻ ശാന്തമ്മ ടീച്ചറിന്റെ സഹോദരനാണ്. നളിനിയും ബാലനും പരസ്പരം ആകൃഷ്ടരായി. ആ അടുപ്പം മനസ്സിലാക്കിയ ശാന്തമ്മ അവരുടെ വിവാഹം നടത്താൻ തീർച്ചയാക്കി. നളിനിയുടെ അച്ഛന്റെ അനുമതിക്കായിയെഴുതി.

ഉപ്പായിചേട്ടന്റെ അളിയൻ ഇട്ടൂപ്പിന്റെ ആഗമനം ഗ്രാമത്തിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് കുട്ടികൾക്ക് പുതിയ നേരം പോക്കുകൾക്കു കളമൊരുക്കി. ഇട്ടൂപ്പും കൂട്ടുകാരൻ ജയിംസ് ബോണ്ടും വളരെ വേഗം കുട്ടികളുടെ കമ്പനിയിൽ പ്രധാന അംഗങ്ങളായി. മടങ്ങിപ്പോകുന്ന പരിപാടി റദ്ദ് ചെയ്തു. ഇട്ടൂപ്പിന് ഒരു പുതിയ ജോലി കണ്ടുപിടിക്കാനുള്ള ശ്രമത്തിൽ ഉപ്പായിച്ചേട്ടനു പല സ്ഥലത്തുനിന്നും ഹേമദണ്ഡങ്ങൾ ഏൽക്കേണ്ടിവന്നു. അങ്ങിനെ പൊട്ടിച്ചിരിക്കുന്ന നിത്യസംഭവങ്ങളിലൂടെ സംതൃപ്തമായിരുന്ന ആ ഗ്രാമജീവിതത്തിൽ പൊടുന്നനവേയാണ് അസ്വസ്ഥതയുടെ ആദ്യത്തെ തീപ്പൊരി തെറിച്ചു വീണത്.

ആ പ്രാവശ്യത്തെ പഞ്ചായത്തു് തെരഞ്ഞെടുപ്പ് സംബന്ധിച്ച് വല്ലാത്തവിധം പാർട്ടിയുടെ അടിസ്ഥാനത്തിൽ ചേരിതിരിവുകൾ ഉണ്ടായി. ഒന്നിച്ചു സ്നേഹമായി കഴിഞ്ഞിരുന്ന മനുഷ്യർ പല തട്ടുകളിലായിത്തീർന്നു. ആപത്തു് വരുമ്പോൾ കൂട്ടത്തോടെ എന്ന വണ്ണം ഗ്രാമത്തിന്റെ ദുർവിധി വ്യക്തികളുടെ ജീവിതത്തിലും പ്രതിഫലിക്കാതിരുന്നില്ല. ആശുപത്രിയിൽ വച്ച് അകാല ചരമമടഞ്ഞ സ്വസഹോദരിയുടെ ചുമതല ഏറെറടുക്കുവാൻ നളിനി നിർബന്ധിതയായി. വിവാഹം പ്രതീക്ഷിച്ചിരുന്ന ബാലനുംനളിനിയും തമ്മിൽ നിത്യമായി വേർപെടേണ്ടിവന്നു. നളിനി കണ്ണീരോടുകൂടി ആ ഗ്രാമത്തിൽ നിന്ന് കടന്നുപോയി. പേപ്പട്ടിപ്പശു വെന്നു് മുദ്രയടിച്ച നിരുപദ്രവിയായ പശുകാരണം കിട്ടുപിള്ളക്ക് നാട്ടിലും വീട്ടിലും നില്ക്കാൻ നിവത്തിയില്ലാതായി. ഒടുവിൽ സ്വന്തം പശുവിന്റെ കയറു തന്റെ ജീവിതം അവസാനിപ്പിക്കുവാനുള്ള കൊലക്കരുക്കായി കണ്ടെത്തി. ഉപ്പായിച്ചേട്ടൻ ഒരു നിമിഷം താമസിച്ചിരുന്നെങ്കിൽ കിട്ടുപിള്ള ആത്മഹത്യചെയ്യുമായിരുന്നു. അയാളെ ആശ്വസിപ്പിച്ച് മടക്കിഅയക്കാൻ ഉപ്പായിച്ചേട്ടൻ നന്നേ പണിപ്പെടേണ്ടിവന്നു.

തെരഞ്ഞെടുപ്പ് അടുത്തു ഗ്രാമത്തിലെ അന്തരീക്ഷമാകെ പ്രക്ഷുബ്ധമായും അന്ധമായ രാഷ്ട്രീയത്തിന്റെ പേരിൽ പലയിടത്തും തമ്മിൽ വഴക്കും തല്ലും നടന്നു. സ്വൈരജീവിതം താറുമാറായി. അല്ലലറിയാതെ വളർന്നുവന്ന അവിടത്തെ കുഞ്ഞുങ്ങൾ ഗ്രാമത്തിന് വന്ന മാററം കണ്ടു് പകച്ചുനിന്നു. മത്സരത്തിന് എരിവുകേററിക്കൊണ്ടു്–മനുഷ്യരെ തമ്മിൽ ഭിന്നിപ്പിച്ചുകൊണ്ടു്–തിരഞ്ഞെടുപ്പ് നടത്തുന്നതു ഉചിതമല്ലെന്ന് സമാധാനപ്രിയനായ ഉപ്പായിച്ചേട്ടൻ ഓരോരുത്തരെ വിനയപൂർവ്വം അനുസ്മരിപ്പിച്ചുവെങ്കിലും ആരുമാരും അതു ചെവിക്കൊണ്ടില്ല.

തെരഞ്ഞെടുപ്പ് സമാപനസമ്മേളനം–ഹെഡ്മാസ്റ്ററുടെ അഭ്യർത്ഥനയെഅവഗണിച്ചുകൊണ്ടു രണ്ടു് എതിർപാർട്ടിക്കാർ തങ്ങളുടെസമ്മേളനം സ്കൂൾ മൈതാനത്തു് ഒരേ സമയം നടത്താൻ തീരുമാനിച്ചു. ഉച്ചഭാഷിണിയിൽ നിന്നുള്ള പാട്ടുകേട്ടപ്പോൾ കഥയറിയാത്തഗ്രാമത്തിലെകുട്ടികൾ മൈതാനത്തു ഓടിക്കൂടി. എന്തെങ്കിലും അനിഷ്ടസംഭവം പ്രതീക്ഷിക്കാവുന്ന ആ രംഗത്തുനിന്നും

കനിഷ്ഠ്ക്കളരായ ആ കുഞ്ഞുങ്ങളെ അകററാൻ ഹെഡ്മാസ്റ്റർ ശ്രമിച്ചു. അതിനിടയിൽ രണ്ടു് പാർട്ടിക്കാരുടെയും പന്തം കൊളുത്തിയ ഘോഷയാത്ര മൈതാനത്തിലേക്ക് കടന്നു. മുദ്രാവാക്യങ്ങളുടെ മറെറാലിയോടൊപ്പം കല്ലുകളും അന്തരീക്ഷത്തിൽ ചീറിപ്പാഞ്ഞു. അതൊരു ഏററുമുട്ടലിലാണ് അവസാനിച്ചതു്. പേടിച്ചരണ്ട കുഞ്ഞുങ്ങൾ ഹെഡ്മാസ്റ്ററുടെ അടുക്കൽ അഭയംതേടി. അദ്ദേഹം സുരക്ഷിതമായി അവരെ ആഫീസ്സ് മുറിയിൽ കയററി അടച്ചശേഷം ബഹളം സമാധാനപ്പെടുത്താൻ മൈതാനിയിലേക്ക് ഓടി. ബഹളത്തിനിടയിൽ പാവംഹെഡ്മാസ്റ്റർക്കും മുട്ടനമേററ് അർദ്ധബോധാവസ്ഥയിൽ അദ്ദേഹം നിലത്തു് വീണു. ആരുടെ കൈയിൽനിന്നോ ഒരു പന്തം ഓലമേഞ്ഞ സ്കൂളിൻെറ മുകളിൽ തെറിച്ചുവീണു. തീ ആളിപ്പടന്നു. തമ്മിൽത്തല്ലിയവർ നാലുവഴിക്കും ഓടി. ആഫീസിൽ അകപ്പെട്ടിരുന്ന കുഞ്ഞുങ്ങളുടെ നിലവിളികേട്ട് ബോധംതെളിഞ്ഞ ഹെഡ്മാസ്റ്റർ തീയിലൂടെ മുന്നോട്ട് ഓടി. അപകടങ്ങളുടെ നടുവിൽ നിന്നും ആ കുഞ്ഞുങ്ങളെ അദ്ദേഹം അത്ഭുതകരമാംവണ്ണം രക്ഷപെടുത്തി. ഒടുവിൽ സ്വയം രക്ഷപെടുവാൻ ശ്രമിക്കവേ കത്തിയെരിഞ്ഞ സ്കൂളിൻെറ മേൽക്കൂര ആ മനുഷ്യസ്നേഹിയുടെ മുകളിൽതന്നെ വീണു–ആ മരണം ഗ്രാമത്തെ ഞെട്ടിപ്പിച്ച ഒരു സംഭവമായിരുന്നു. പോലീസ് നടപടികൾ നടത്തപ്പെട്ടു. കത്തിയെരിഞ്ഞ സ്കൂളിൻെറ മുന്നിൽ കുഞ്ഞുങ്ങൾ ഒന്നുചേർന്നു. മുതിർന്നവർ പലരും ലജ്ജയോടും വേദനയോടും അവരോട് സംസാരിച്ചു. ഒടുവിൽ ബോബൻെറ നേതൃത്വത്തിൽ ആ കുഞ്ഞുങ്ങളുടെ സമൂഹം മൂന്നടിയന്തരാവശ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രമേയം– അതു് സാധിച്ചു കിട്ടാതെ തങ്ങൾ വീടുകളിൽ മടങ്ങിപ്പോവുകയോ ആഹാരം കഴിക്കുകയോ ചെയ്യുന്നതല്ലായെന്നു പ്രഖ്യാപനത്തോടുകൂടി–അവർ അവതരിപ്പിച്ചു. ആ ഗ്രാമത്തിൻെറ കളങ്കംതുടച്ചുകളയാനും അന്തമായ രാഷ്ട്രീയതിമിരത്തിൻെറ ഇരുൾമൂടിയ ജനങ്ങളുടെ കണ്ണുകളിലേയ്ക്കു് പരസ്പരസ്നേഹത്തിൻെറ പുതിയ വെളിച്ചം പകരാനും ഗ്രാമത്തിൻെറ മന:സാക്ഷി ഉയർത്തിപ്പിടിക്കുവാനും പ്രചോദനം നൽകുന്നവയായിരുന്നു ആ കുഞ്ഞുങ്ങളുടെ പ്രമേയം.

ശേഷം സ്ക്രീനിൽ

## ഗാനം 1

പാടിയതു്.
വസന്ത-രേണുക

നന്മനിറഞ്ഞ മറിയമേ, ഞങ്ങളെ
നല്ലവരാക്കണമേ
മക്കൾ, ഞങ്ങൾ ചെയ്ത പാപങ്ങൾക്കു്
മാപ്പു നൽകണമേ
അത്യുന്നതങ്ങളിൽ വാഴ്ത്തപ്പെട്ടും നിൻെറ
പുത്രനാമുണ്ണിയീശോ
മുൾക്കിരീടം ചൂടി ദുഃഖിതർ ഞങ്ങൾക്കായ്
സ്വർഗ്ഗവാതിൽ തുറന്നില്ലേ–പണ്ടു്
സ്വർഗ്ഗവാതിൽ തുറന്നില്ലേ. (നന്മ)
കാൽവറി കുന്നിലുയർത്തെഴുന്നേററൊരു
കാരുണ്യരൂപനീശോ
കാരിരുമ്പാണിപ്പഴുതുള്ള കൈകളാൽ
കാത്തരുളീടുകില്ലേ–ഞങ്ങളെ
കാത്തരുളീടുകില്ലേ (നന്മ)

–വയലാർ–

## ഗാനം 2

പാടിയതു്
പി. സുശീല

മാലാഖമാരുടെ വളത്തു കിളികൾ
മണിയരയന്നങ്ങൾ – രണ്ടു
മണിയരയന്നങ്ങൾ
ഭൂമിയിൽ പണ്ടൊരു താമരപ്പൊയ്കയിൽ
പൂന്തുള്ളാൻ വന്നു
കുളം മഞ്ഞിൽ നീരാടി–കുളം വെയിലിൽ മെയ്തോർത്തി
കുളിരില്ലം കാട്ടിലവർ കിടന്നുറങ്ങി
പൂവമ്പൻ തെളിക്കുന്ന പുഷ്പവിമാനത്തിൽ
പൂക്കാലമതു വഴികടന്നുപോയി (മാലാഖ)
പൊയ്കയുടെ കടവത്തു് പുന്നാരപ്പാടത്തു്
പൊൻമുട്ടയിട്ടേച്ചു കിളികൾ പോയി
പാതിരായതും കൊണ്ടു നടന്നപ്പോൾ
ഭൂമിയിൽ വെളുത്തവാവുണ്ടായി (മാലാഖ)
കരിമുകിൽപ്പാടത്തെ കരുമാടിക്കുട്ടന്മാർ
കടലിലാപൊൻ മുട്ടയെറിഞ്ഞുടച്ചു
പാതിരായതും തേടി നടന്നപ്പോൾ
ഭൂമിയിൽ കറുത്തവാവുണ്ടായി (മാലാഖ)
വയലാർ

ഗാനം 3 പാടിയതു്

സദൻ

ഇററലി ജർമ്മനി ബോംബെ മൈസൂർ
ഇട്ടൂപ്പ് കാണാത്ത നാടില്ല
സായിപ്പന്മാരെ സക്സസ്സുകാട്ടി
സമ്മാനം വാങ്ങാത്ത നാളില്ല.
കാട്ടുമുളത്തൂണുകെട്ടി
തൂണിലൊരു ഞാണുകെട്ടി
ഞാണിന്മേൽ സൈക്കളിലുണ്ടൊരു
സമ്മർസാൾട്ടു്–നാനാ–സമ്മർസാൾട്ടു് കൂടെ–
കാണാൻ നല്ലൊരു കൊച്ചുപെണ്ണിന്റെ
ടിസ്റ്റുഡാൻസു്–ചാചാ–ടിസ്റ്റുഡാൻസു്.
സിംഹം കടുവാ ചിംപൻസി
സിക്കുമറാത്തി പഞ്ചാബി
ചന്ദനക്കാനൽ കടഞ്ഞതുപോലുള്ള
സുന്ദരിപ്പെണ്ണുങ്ങളാം വേറെ
കുട്ടനാട്ടിൽ വരുന്നൂ–നമ്മുടെ സർക്കസ്സ്
തുളുനാട്ടിലാശാന്റെ കളരിപ്പയററു ഞാൻ
ചുളുവിൽ കാണിക്കാം–പക്ഷേ
മരണക്കിണററിലെ കാറിലെ വേലക്കു്
കാശുവേണം കാശു്–കാണാൻ
കാശുവേണം കാശു്.

വയലാർ

ഗാനം 4 പാടിയതു്

എൽ. ആർ. ഈശ്വരി

കിലുകിലുക്കാൻ ചെപ്പുകളെ വാ വാ വാ
ഞ്ഞാററക്കുരുവികളെ വാ വാ വാ
കിൽ ഉണർത്തു പാട്ടു പാടി
ളിർമരത്തിലൂയലാടി
ട്ടുകൂട്ടുകളികാണാൻ വാ വാ വാ
ററുകൊള്ളാം. പൂക്കാം നുള്ളാം
ാട്ടിനുള്ളിൽ തുമ്പിതുള്ളാം.
തളിവാഴപോലകുത്തി

മകെതയോലപ്പീലികെട്ടി
കരുകും പുൽമേട്ടിലൊരു കുടക്കൂട്ടാം.
കന്നിയാറേ പമ്പയാറേ
കടലുകാണാൻ പോണവളേ
പവിഴമുളം തോണിയിലെ
പഞ്ചവർണ്ണപൈങ്കിളിക്കു്
പൊൻമുത്തും പവിഴവും കൊണ്ടുവരേണം (കിലുകിലുക്കാൻ)

വയലാർ

ഗാനം 5

പാടിയതു്
യേശുദാസ്

മനോരമേ നിൻ പഞ്ചവടിയിൽ
മധുമതീ പുഷ്പങ്ങൾ വിരിഞ്ഞു
പനിനീർ തളിക്കാൻ പവിഴം പതിക്കാൻ
പതിനേഴ വസന്തങ്ങൾ വന്നു
പതുക്കനെ പതുക്കനെ പൂമൊട്ടുവിരിയും
പത്മസരസ്സിൽ നിൻവികാര
പത്മസരസ്സിൽ
സ്വയം മറന്നൊഴുകും സ്വർണ്ണമത്സ്യത്തിനു്
സ്വപ്നമെന്നവർ പേരിട്ടു–ഞാൻ
സ്വർണ്ണ ചൂണ്ടയിട്ടു. (മനോരമേ)
നീറങ്ങളും മുഖങ്ങളും ഉമ്മകൈ മാറും
നൃത്തസദസ്സിൽ–നിൻവിലാസ
നൃത്തസദസ്സിൽ,
മനസ്സിലെ തളികയിൽ നിറയുന്നതേനിനു്
പ്രണയമെന്നവർ പേരിട്ടു–അതു
മുഴുവൻ ഞാൻ കുടിച്ചു (മനോരമേ)

വയലാർ

ഗാനം 6 പാടിയതു്

പി. സുശീല.

അച്ഛൻ കൊമ്പത്തു്
അമ്മ വരമ്പത്തു്
കന്നിയിളം കിളികാരോലക്കിളി
കണ്ണീരാറിൽ തീരത്തു്.
ഗുരുവായൂരപ്പനുണ്ടൊന്നൊരു തിരുമധുരം നേർന്നല്ലോ
കൊടുങ്ങല്ലൂരമ്മയ്ക്കിന്നൊരു കുരുതീം മാലേം നേർന്നല്ലോ
എന്നിട്ടും പൊന്നുംകുടത്തിൻെറ
നെഞ്ചിൽ തൊട്ടാൽ തീപോലെ (അച്ഛൻ)
മുത്തുക്കുടയുടെ കീഴിലിരിയ്ക്കും നക്ഷത്ര കണിയാട്ടി
നൂറവട്ടമിന്നലേ നൂല് ജപിച്ചു കൊടുത്തിലേ
എന്നിട്ടും പൊന്നും കുടത്തിൻെറ
നെഞ്ചിൽ തൊട്ടാൽ തീപോലെ (അച്ഛൻ)

വയലാർ

ഗാനം 7 പാടിയതു്

ജയചന്ദ്രൻ

വിദ്യാപീഠം ഇവിടം നമ്മുടെ
വിദ്യാപീഠം
വിജ്ഞാനം ഗുരുദക്ഷിണനൽകും
വിദ്യാപീഠം
ഇത്തിരുമുററത്തല്ലോ ജീവിത
സത്യംപൂത്തുവിടർന്നു
ഇത്തിരുമുററത്തല്ലോ മാനവ
സംസ്ക്കാരങ്ങളുർന്നു (വിദ്യാ)
ഇവിടെ വിൽപ്പുവിതളാൽ നമ്മൾ
ഹരിശ്രീ പണ്ടുകുറിച്ചു
ഇവിടെയിരുന്നു യുഗങ്ങളൊരായിര-
മിതിഹാസങ്ങൾ രചിച്ചു. (വിദ്യാ.)
ഇത്തൃക്കോവിലിലെന്നും നമ്മൾ
ചിത്രവിളക്കു കൊളുത്തും
ഇശ്രീകോവിലിലെന്നും നമ്മൾ
പുഷ്പാഞ്ജലികൾ നടത്തും. (വിദ്യാ)

വയലാർ



RMAL RELEASE